ലേഖനം

◆

ജമാൽ കടന്നപ്പള്ളി

## തൗഹീദിന്റെ അകക്കാമ്പ്-3

# കാപട്യത്തിന്റെ വിഷബാധ

**മനുഷ്യന്റെ** കേന്ദ്രബിന്ദു അവന്റെ മനസ്സാണ്. മനസ്സ് ശരിയായാലേ മനുഷ്യൻ ശരിയാവൂ. ഒരു മഹാൻ പറഞ്ഞതുപോലെ 'നിങ്ങൾ പറയുന്നതല്ല നിങ്ങൾ; നിങ്ങൾ ചിന്തിക്കുന്നതാണ് നിങ്ങൾ.' അപ്പോൾ തൗഹീദ് ആദ്യം വേണ്ടത് നമ്മുടെ മനസ്സിലാണ്. വിശുദ്ധ ഖുർആൻ പോലും നമുക്ക് ലഭിച്ചത് ഒരു ഗ്രന്ഥമായിട്ടല്ല; അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യുടെ മനസ്സ് വഴിയായിരുന്നു. 'നസ്സലഹു അലാ ഖൽബിക' (*അൽ ബഖറ:* 97) എന്നാണ് ഇതു സംബന്ധിച്ച് അല്ലാഹു പറഞ്ഞത്. നവോത്ഥാന നായകൻ സയ്യിദ് മൗദൂദി ഊന്നിപ്പറഞ്ഞ വിഷയങ്ങളിൽ ഒന്ന് 'മാനസിക വിശ്വാസ'മാണെന്ന് പ്രഫ. ഖുർശിദ് അഹ്മദ് നിരീക്ഷിച്ചിട്ടുണ്ട്. കാരണം നാം കെട്ടിപ്പടുക്കാനുദ്ദേശിക്കുന്ന നാഗരിക വ്യവസ്ഥ സമ്പൂർണമായും സത്യസന്ധമാണെന്ന അചഞ്ചലമായ ബോധമാണ് ആദ്യമുണ്ടാവേണ്ടത്. എങ്കിൽ മാത്രമേ നമ്മുടെ പ്രവർത്തനങ്ങളോട് നൂറ് ശതമാനവും നീതി പുലർത്താൻ സാധിക്കുകയുള്ളൂ. ഇതിന് നാം അധരം കൊണ്ട്പറയുന്ന തൗഹീദിനെ ആദ്യം മനസ്സിലേക്കിറക്കണം. ഏകദൈവാദർശത്തിലും അദൃശ്യകാര്യങ്ങളിലും അതിന്റെ വിശദാംശങ്ങളിലും സംശയലേശമന്യേ (*സുമ്മ ലംയർത്താബൂ*) നാം വിശ്വസിച്ചിരിക്കണം. യാതൊരു ശങ്കയോ കലർപ്പോ ഇല്ലാത്ത സംതൃപ്തവും സുദൃഢവുമായ വിശ്വാസം. തൗഹീദ് ഒരു വൃക്ഷം പോലെയാണെന്ന് ഖുർആൻ പറയുമ്പോൾ, അതിന്റെ വിത്തും വേരും പാകമായ മണ്ണും വെള്ളവും വളർച്ചയുമൊക്കെ നമ്മുടെ മനോമുകുരത്തിൽ തെളിയുന്നുണ്ട്.

തൗഹീദിന്റെ മാനസിക പങ്ക് വിശുദ്ധ ഖുർആൻ വിവിധ രൂപേണ നമ്മോട് പറഞ്ഞിട്ടുണ്ട്. *സൂറഃ അൽ ഹുജുറാത്തിൽ* 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്നു പറഞ്ഞ ബദു അറബികളോട് 'നിങ്ങൾ വിശ്വസിച്ചിട്ടില്ല' എന്ന് അല്ലാഹു തിരുത്തുന്ന ഒരു രംഗമുണ്ടല്ലോ. അതിന്റെ കാരണമായി ഖുർആൻ പറയുന്നത് 'നിങ്ങളുടെ ഹൃദയങ്ങളിൽ ഇനിയും ഈമാൻ കടന്നനിട്ടില്ല' (സൂക്തം: 14) എന്നാണ്. *അൽ മുജാദിലഃ* അധ്യായത്തിൽ 'അല്ലാഹുവിന്റെ പാർട്ടി' (*ഹിസ്ബുല്ലാഹ്*)യുടെ മഹത്വങ്ങൾ വർണിക്കുന്നതിനിടയിൽ വന്ന ശ്രദ്ധേയമായ പരാമർശം 'അവരുടെ ഹൃദയങ്ങളിൽ അല്ലാഹു സത്യവിശ്വാസത്തെ ദൃഢീകരിക്കുന്നു' എന്നാണ്. 'അവങ്കൽനിന്നുള്ള ഒരു ചൈതന്യത്താൽ അവർക്ക് ശക്തിയേകും' എന്നും പറഞ്ഞിരിക്കുന്നു. നിർബന്ധിതാവസ്ഥയിൽ ഒരാൾക്ക് വിശ്വാസം മറച്ചുവെക്കാൻ ഇസ്ലാം അനുവാദം നൽകുന്നുണ്ട്. അപ്പോഴും ഹൃദയത്തിൽ ഈമാൻ രൂഢമൂലമാവുക (*വഖൽബുഹു മുത്മഇന്നും ബിൽ ഈമാൻ*) എന്ന നിബന്ധന പാലിച്ചിരിക്കണം. അല്ലാഹു പറയുന്നു: "ഒരാൾ വിശ്വാസം കൈക്കൊണ്ട ശേഷം നിഷേധിച്ചാൽ, അയാളുടെ ഹൃദയത്തിൽ വിശ്വാസം ദൃഢമായിരിക്കെ അതിന് നിർബന്ധിക്കപ്പെട്ടതാണെങ്കിൽ സാരമില്ല, എന്നാൽ മനസ്സമ്മതത്തോടെ സത്യനിഷേധം അംഗീകരിക്കുന്നവരാരോ അവർ അല്ലാഹുവിന്റെ ക്രോധത്തിനിരയാകുന്നു. അങ്ങനെയുള്ളവർക്കൊക്കെയും ബീഭത്സമായ ശിക്ഷയുണ്ട്" (*അന്നഹ്ൽ*: 106), മാത്രമല്ല; 'നഫ്സുൽ മുത്മഇന്നഃ' (അൽ *ഫജ്ർ*: 27), 'ബി ഖൽബിൻ സലീം' (*അശ്ശുഅറാഅ്*: 89), 'തത്മഇന്നുൽ ഖുലൂബ്' (*അർറഅ്ദ്*: 28), 'യഹ്ദീ ഖൽബഹു' (*അത്തഗാബുൻ*: 11) എന്നിങ്ങനെ മാനസിക ഈമാനുമായി ബന്ധപ്പെട്ട ഖുർആനിക പ്രയോഗങ്ങൾ നിരവധിയാണ്. പൈശാചിക ദുർബോധനങ്ങൾ കടക്കാതെ നാം ഏറ്റവും സൂക്ഷിക്കാൻ കടപ്പെട്ടതും ഹൃദയമാണ് (*അന്നാസ്*: 5) 'അന്ത്യനാളിലാവട്ടെ കുറ്റവിചാരണ മുഴുവൻ മാനസികവ്യാപാരങ്ങളെ ആസ്പദിച്ചായിരിക്കും' (*അൽ ആദിയാത്ത്*: 10)

തൗഹീദിനെ ബോധപൂർവം മാനസികമായി ഉൾക്കൊള്ളുകയും സംശുദ്ധവും സുദൃഢവുമായി കാത്തു സൂക്ഷിക്കുകയും ചെയ്തില്ലെങ്കിൽ മനസ്സിൽനിന്ന് ക്രമേണ അത് മാഞ്ഞുപോകും. നബി (സ) അരുൾ ചെയ്യുന്നു: "നിങ്ങളുടെ മനസ്സിലെ സത്യവിശ്വാസം ദ്രവിക്കുകയും ദുർബലമാവുകയും ചെയ്യും; വസ്ത്രം ദ്രവിക്കുന്നതുപോലെ. അതിനാൽ നിങ്ങളുടെ മനസ്സുകളിൽ സത്യവിശ്വാസം നവീകരിക്കാൻ അല്ലാഹുവോട് പ്രാർഥിക്കുക" (ത്വബറാനി) മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ വിശ്വാസം പുതുക്കിക്കൊണ്ടിരിക്കുക.' 'അല്ലാഹുവിന്റെ ദൂതരേ ഞങ്ങൾ എങ്ങനെയാണ് ഞങ്ങളുടെ വിശ്വാസം പുതുക്കുക?' ഉടനെ ചോദ്യമുയർന്നു. 'ലാഇലാഹ ഇല്ലല്ലാഹ് എന്നവാക്യം ധാരാളമായി ഉരുവിടുക' അവിടുന്ന് അരുൾ ചെയ്തു. (ഹാകിം)

ഈമാൻ മനസ്സിലേക്കിറങ്ങുന്നതിന്റെ സുപ്രധാന ലക്ഷണം മനസ്സമാധാനമാണ്. 'അംന്' എന്ന ധാതുവിൽനിന്ന് നിഷ്പന്നമായതാണ് ഈമാൻ. മനസ്സ് നിർഭയവും പ്രശാന്തവുമാവുകയാണ് *അംനി*ന്റെ മൗലിക ഭാവം. അഥവാ വിപരീതമായ ഒന്നിനെക്കുറിച്ചും ഭയമില്ലാത്ത രീതിയിൽ അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസത്തിൽ ഹൃദയം സംതൃപ്തവും ശാന്തവുമാകലാണ് ഈമാൻ. ഖുർആന്റെ ഭാഷയിൽ 'നഫ്സുൽ മുത്മഇന്ന.' ഇത് സാധ്യമാവണമെങ്കിലാവട്ടെ നമ്മുടെ ഈമാൻ വെറും ബുദ്ധിപരമായ ബോധ്യം മാത്രമായാൽ പോരാ. പ്രത്യുത മനസ്സിലും മസ്തിഷ്കത്തിലും ചിന്താധാരകളിലും തൗഹീദ് നിറഞ്ഞു നിൽക്കണം. അല്ലാഹുവിന്റെ 'ഖദ്ർ' സംതൃപ്തിയോടെ ഉൾക്കൊണ്ട് ശീലിക്കണം. പരലോകത്തെ കൺമുമ്പിൽ കാണുന്ന പ്രതീതി ഉണ്ടാക്കിയെടുക്കണം. ഖുർആൻ പറഞ്ഞു: "അല്ലാഹുവിന്റെ നാമം അനുസ്മരിക്കപ്പെടുമ്പോൾ ഉൾക്കിടിലമുണ്ടാകുന്നവരും അവന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുമ്പോൾ വിശ്വാസവർധനവ് ഉണ്ടാകുന്നവരും തങ്ങളുടെ നാഥനിൽ അഭയം തേടുന്നവരും മാത്രമാണ് സത്യവിശ്വാസികൾ" (*അൽ അൻഫാൽ:* 2).

തൗഹീദ് മനസ്സിലേക്ക് ഇറങ്ങുക മാത്രമല്ല, അത് നമ്മുടെ വികാരങ്ങളെയും ദേഹേഛകളെയും നിയന്ത്രിക്കുകയും വേണം. നമ്മുടെ മനസ്സാക്ഷി തൗ

ഹീദായി മാറണം. ഏറെ ശ്രമകരമായ ഒരു ദൗത്യമാണിതെന്നു പറയേണ്ടതില്ല. ഭൗതികാസക്തിയുടെ മണ്ണിൽ പൂണ്ടുകിടന്നുകൊണ്ട് നമുക്കിത് സാധിക്കുകയില്ല. നബി(സ) അരുൾ ചെയ്യുന്നു: "നിങ്ങളുടെ ഇഛ ഞാൻ കൊണ്ടുവന്നത് പിൻപറ്റാത്തിടത്തോളം നിങ്ങളിലൊരാളും സത്യവിശ്വാസിയാവുകയില്ല" (ത്വബറാനി). സയ്യിദ് മൗദൂദി എഴുതി: "ഇസ്‌ലാം യഥാർഥത്തിൽ വിശ്വാസത്തിന്റെ പ്രായോഗിക പ്രകാശനമാണ്. അവ തമ്മിലുള്ള പാരസ്പര്യം വിത്തും തൈയും തമ്മിലുള്ളതുപോലെയാണ്. വിത്തിലുള്ളതെന്തോ അതാണല്ലോ പുറമെ തൈയായി പ്രത്യക്ഷപ്പെടുന്നത്. തൈ പരീക്ഷണവിധേയമാക്കിയാൽ വിത്തിൽ എന്താണുള്ളതെന്നും എന്താണില്ലാത്തതെന്നും എളുപ്പത്തിൽ കണ്ടുപിടിക്കാനാകും. വിത്തില്ലാതെ തൈയെക്കുറിച്ച് സങ്കൽപിക്കാനാവുമോ? ഉർവരമായ മണ്ണിലാണ് വിത്തുള്ളതെങ്കിൽ അതിൽനിന്ന് തൈ മുളക്കാതിരിക്കുകയെന്നതും അസംഭവ്യമാണ്. ഈമാനിന്റെയും ഇസ്‌ലാമിന്റെയും അവസ്ഥയും ഇതുപോലെത്തന്നെയാണ്. ഹൃദയാന്തരാളങ്ങളിൽ വിശ്വാസമുണ്ടെങ്കിൽ പ്രായോഗിക ജീവിതത്തിലും സ്വഭാവത്തിലും ജീവിതരീതിയിലും ചാർച്ചകൾ ചേർക്കുന്നതിലും വിഛേദിക്കുന്നതിലും അധ്വാനപരിശ്രമങ്ങളുടെ ദിശയിലും അഭിരുചിയിലും മനസ്സിന്റെ നൈസർഗിക ഭാവങ്ങളിലും എന്നുവേണ്ട ജീവിതത്തിന്റെ അതിസൂക്ഷ്മമായ വിശദാംശങ്ങളിൽ വരെ അതിന്റെ പ്രകാശനം തീർച്ചയായും ഉണ്ടാവും" (*പ്രസ്ഥാനവും പ്രവർത്തകരും*, പേജ്: 64).

തൗഹീദ് ഈവിധം മനസ്സിലേക്കിറങ്ങണമെങ്കിൽ നാം വിശ്വാസ, കർമ, സ്വഭാവ, പ്രവർത്തന മേഖലകളിലെല്ലാം ഇഖ്‌ലാസ് ശീലിക്കണം. ആത്മാർഥത, സംശുദ്ധി, കലർപ്പില്ലായ്മ, ഋജുമനസ്കത എന്നിങ്ങനെയാണ് ഇഖ്‌ലാസിന്റെ ആശയതലം. ഖുർആൻ പറഞ്ഞു: "(പ്രവാചകരേ) നാം താങ്കൾക്ക് ഈ വേദം സത്യത്തോടെ അവതരിപ്പിച്ചു തന്നിരിക്കുന്നു. അതിനാൽ താങ്കൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യണം. ദീൻ ഇഖ്‌ലാസോടെ അവനു മാത്രമാക്കിക്കൊണ്ട്. അറിഞ്ഞിരിക്കുക, ഇഖ്‌ലാസോടെയുള്ള ദീൻ അല്ലാഹുവിനുമാത്രം അവകാശപ്പെട്ടതാകുന്നു" (*അസ്സുമർ:* 2,3). നബി(സ) അരുൾ ചെയ്യുന്നു: "അല്ലാഹുവിന്റെ മുഖം പ്രതീക്ഷിച്ച് ഇഖ്‌ലാസോടെ ചെയ്യുന്ന കർമമല്ലാതെ അവൻ സ്വീകരിക്കുകയില്ല" (നസാഈ). ദീനും ഇഖ്‌ലാസും തമ്മിലുള്ള പൊക്കിൾകൊടി ബന്ധം വ്യക്തമാക്കുന്ന നിരവധി സൂക്തങ്ങളുണ്ട് വിശുദ്ധ വേദത്തിൽ. ഇഖ്‌ലാസിന്റെ അഭാവം ദീനിന്റെ ചൈതന്യം ചോർത്തിക്കളയും. 'നിഷ്കാമ കർമയോഗി' എന്ന വിശുദ്ധ തലത്തിലേക്ക് നമ്മെ ഉയർത്തുന്നത് ഇഖ്‌ലാസാണ്. അതായത് കലർപ്പറ്റ ഈമാൻ. സർവ ഭൗതികതാൽപര്യങ്ങളിൽനിന്നും മുക്തമായ നമസ്കാരം, സകാത്ത്, പ്രശസ്തിമോഹം (രിയാഅ്) തൊട്ടുതെറിച്ചിട്ടില്ലാത്ത ഇസ്‌ലാമിക പ്രവർത്തനം, അല്ലാഹുവിന്റെ ദീനിൽ മനുഷ്യ നിർമിത പ്രത്യയശാസ്ത്രം കലർത്തുന്ന മത-രാഷ്ട്രവിഭജനത്തിനെതിരെ കരുതിയിരിക്കൽ.... തുടങ്ങി ജീവിതത്തിലുടനീളം മനുഷ്യന്റെ അകക്കാമ്പ് അല്ലാഹുവിനെമാത്രം ലക്ഷ്യം വെക്കുന്ന അവസ്ഥയാണ് ഇഖ്‌ലാസ് കൊണ്ടുദ്ദേശിക്കുന്നത്. യഥാർഥത്തിൽ നമ്മുടെ അടിസ്ഥാന നിയ്യത്തിൽനിന്നാണ് ഇഖ്‌ലാസ് ഉരുവം കൊള്ളുന്നത്. മറ്റൊരുവിധം പറഞ്ഞാൽ നിയ്യത്ത് ശുദ്ധവും സമഗ്രവുമായാൽ നമ്മിൽ ഇഖ്‌ലാസിന്റെ ചൈതന്യം സന്നിവേശിക്കപ്പെടും. അഥവാ നമ്മുടെ നിയ്യത്ത് തന്നെ ഇഖ്‌ലാസ് ആയിരിക്കണം. 'ഉദ്ദേശ്യം ആത്മാർഥമാക്കുന്നതാണ് കർമം ചെയ്യുന്നതിനേക്കാൾ കഠിനതരം' എന്ന് പൂർവസൂരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യമനസ്സ് സദാ ഭൗതിക നേട്ടങ്ങളുമായി ഒട്ടിനിൽക്കുന്നു എന്നതുകൊണ്ടാണിത്. അപ്പോൾ മനസ്സുമായി കഠിന പോരാട്ടത്തിലേർപ്പെട്ടാലേ ഇഖ്‌ലാസ് നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. പണ്ഡിതന്മാർ പൊതുവെ ഇഖ്‌ലാസിന്റെ എതിർവശത്ത് നിർത്തിയത് 'നിഫാഖി'നെയാണ്. മനസ്സിനെ സ്പർശിക്കാത്ത വിശ്വാസ,കർമ, സ്വഭാവ, പ്രവർത്തനങ്ങളാണ് നിഫാഖ് അഥവാ കാപട്യം. മനസ്സിന്റെ രോഗം എന്നത്രെ ഖുർആൻ ഇതുസംബന്ധമായി നടത്തിയ അർഥവത്തായ പ്രയോഗം. സ്വഹാബിമാർ ഏറ്റവും ഭയപ്പെട്ട തിന്മയാണ് നിഫാഖ്. എന്നാൽ കാലഘട്ടങ്ങളെ താരതമ്യം ചെയ്യുമ്പോൾ നിഫാഖ് അതിന്റെ സർവ ക്രൗര്യവും കാട്ടുന്നത് ഈ കാലഘട്ടത്തിലാണെന്നാണ് മനസ്സിലാവുന്നത്. വിശ്വാസ-കർമരംഗങ്ങളിൽ നിഫാഖിന്റെ വിഷബാധയേറ്റവർ കുറച്ചൊന്നുമല്ല നമുക്കിടയിലുള്ളത്. തന്മൂലം യഥാർഥ മുസ്‌ലിംകളുടെ തന്നെ ഈമാനികശക്തി ക്ഷയിച്ചുപോകുന്നു. ഒരിസ്‌ലാമിക സമൂഹത്തെ കെട്ടിപ്പടുക്കണമെങ്കിൽ സത്യവിശ്വാസികളെ വ്യാജവിശ്വാസികളിൽനിന്ന് വേർതിരിക്കേണ്ടതുണ്ട്. വിശുദ്ധഖുർആന്റെ ഒരു വലിയഭാഗം തന്നെ ഈ വേർതിരിക്കലിന് നീക്കിവെച്ചതായി കാണാം. ഭൂരിപക്ഷം മദനീ സൂറകളിലും ഇത് പ്രത്യക്ഷമായിത്തന്നെ കാണപ്പെടുന്നുണ്ട്. ഇസ്‌ലാമിന്റെ പ്രഖ്യാപിത ശത്രുക്കളെ നമുക്ക് എളുപ്പത്തിൽ തിരിച്ചറിയാൻ പറ്റും. പക്ഷേ, അബ്ദുല്ലാഹിബ്നു ഉബയ്യുമാരെ തിരിച്ചറിയുന്നതെങ്ങനെ? മാത്രമല്ല ഈ കാലഘട്ടത്തിന്റെ മുഖമുദ്രയാണ് നിഫാഖ്. വ്യാവസായികാടിസ്ഥാനത്തിൽ നിഫാഖ് പരിപോഷിപ്പിച്ച് വളർത്തിക്കൊണ്ടുവന്ന വല്ലാത്തൊരു കാലം! വിശുദ്ധഖുർആൻ പറഞ്ഞതാണ് ശരി: "അവരെ കണ്ടാൽ അവരുടെ ശരീരങ്ങൾ നിങ്ങളെ അത്ഭുതപ്പെടുത്തും. സംസാരിച്ചാലോ അവരുടെ സംസാരം നിങ്ങൾ കേട്ടുപോവുകതന്നെ ചെയ്യും!" (*അൽ മുനാഫിഖൂൻ:* 4). ■